# അറിയിപ്പ്

അന്താരാഷ്ട്ര മ്യൂസിയം ദിനത്തോടനുബന്ധിച്ച് കേരള നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സംസ്ഥാന തലത്തിൽ ഓൺലൈനായി ഉപന്യാസ രചനാ മത്സരം സംഘടിപ്പിക്കുന്നു. സ്കൂൾ തലത്തിൽ 'മ്യൂസിയങ്ങളുടെ പ്രസക്തി' എന്ന വിഷയത്തിലും (8- ക്ലാസ്സ് മുതൽ 12- ക്ലാസ്സ് വരെ) കോളേജ് തലത്തിൽ (ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾക്ക്) 'മ്യൂസിയങ്ങൾ എങ്ങനെയായിരിക്കണം - സന്ദർശകരുടെ കാഴ്ചപ്പാടിൽ' എന്ന വിഷയത്തിലുമാണ് ഉപന്യാസ രചനാ മത്സരം സംഘടിപ്പിക്കുന്നത്. A4 പേപ്പറിൽ ടൈപ്പ് ചെയ്ത 1500 വാക്കിൽ കവിയാത്ത ഉപന്യാസം സ്കൂൾ/കോളേജ്, Headmaster/Principal-മാരുടെ ആമുഖ കത്തോടുകൂടി museum@niyamasabha.nic.in എന്ന മേൽവിലാസത്തിൽ 15/05/2025-ന് മുൻപായി മത്സരാർത്ഥികൾ ലഭ്യമാക്കേണ്ടതാണ്. ഉപന്യാസ രചനാ മത്സരത്തിൽ വിജയികളാകുന്ന ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് (ഇരു വിഭാഗത്തിലുമുള്ള) യഥാക്രമം 5000, 3000, 2000 cash award- ഉം, certificate - ഉം നൽകുന്നതായിരിക്കും.നിബന്ധനകൾ ഉൾപ്പെടെ വിശദമായ വിവരങ്ങൾക്ക് www.niyamasabha.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

8.5.2025

ബിരാജ്. പി. ആർ.
അണ്ടർ സെക്രട്ടറി
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
PEN : 176723

# <u>നിബന്ധനകൾ</u>

- ഉപന്യാസം പൂർണ്ണമായും മലയാളത്തിൽ ആയിരിക്കണം.
- ഉപന്യാസം A4 പേപ്പറിൽ ടൈപ്പ് ചെയ്ത 1500 വാക്കിൽ കവിയാൻ പാടുള്ളതല്ല.
- Headmaster/Principal-മാരുടെ ആമുഖ കത്തോടുകൂടിയുള്ള സൃഷ്ടികൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
- museum@niyamasabha.nic.in എന്ന e- mail - ൽ 15/05/2025-ന് മുൻപായി മത്സരാർത്ഥികൾ അപേക്ഷകൾ ലഭ്യമാക്കേണ്ടതാണ്.
- വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- ഉപന്യാസം സ്വന്തം ആശയത്തിലുള്ളതും ഇതിനു മുന്നേ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതും ആയിരിക്കണം, ഉപന്യാസം മറ്റൊരിടത്തുനിന്ന് കോപ്പി ചെയ്തത് ആയിരിക്കരുത്.
- വിഷയത്തിൽ നിന്നും വ്യതിയാനം വരാൻ പാടുള്ളതല്ല.
- ഇതുമായി ബന്ധപ്പെട്ട് നിയമസഭാ സെക്രട്ടേറിയറ്റിന്റെ തീരുമാനം അന്തിമമായിരിക്കും.

8 . 5 . 2025

ബിരാജ്. പി. ആർ.
അണ്ടർ സെക്രട്ടറി
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
PEN : 176723